# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.36

### 04-02-2020 ൽ മറുപടിക്ക്

### കിഫ്ബി മുഖേനയുള്ള വികസന പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ. എം. സ്വരാജ്<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. പി.കെ. ശശി<br>ശ്രീ. ഐ.ബി. സതീഷ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കേന്ദ്രസർക്കാരിന്റെ വിവേചനപരമായ നിലപാടുകളും വികല നയങ്ങളും പ്രകൃതി ദുരന്തങ്ങളും സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ സൃഷ്ടിച്ച ആഘാതം മറികടക്കുന്നതിന് കിഫ്ബി മുഖേനയുള്ള വികസന പ്രവർത്തനങ്ങൾ എത്രമാത്രം ഫലപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു; വിശദാംശം ലഭ്യമാക്കാമോ; | സാമ്പത്തിക മേഖലയിൽ നിലനിൽക്കുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പത്ത് വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 2016 ലെ ബജറ്റിൽ കിഫ്ബി വഴിയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രഖ്യാപിച്ചത്. ഏകദേശം 50000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. സർക്കാരിന്റെ ഭാവി വരുമാനത്തിന്റെ ചെറിയൊരു പങ്ക് വർഷം തോറും കിഫ്ബിക്ക് ഗ്രാന്റായി നൽകിക്കൊണ്ട് നാടിന്റെ പശ്ചാത്തലസൗകര്യ വികസനം ഇന്നുതന്നെ സാധ്യമാക്കുകയെന്ന ലക്ഷ്യമാണ് ഇതിലൂടെ നേടുന്നത്. ഭാവി വരുമാന ഒഴുക്കിനെ സെക്യൂരിറ്റൈസ് ചെയ്തുകൊണ്ട് ഇരുപതോ ഇരുപത്തിയഞ്ചോ വർഷം കാത്തു നിൽക്കാതെ അത്യന്താപേക്ഷിതമായ പശ്ചാത്തലസൗകര്യം ഇപ്പോൾ തന്നെ സൃഷ്ടിക്കുക എന്നതാണ് കിഫ്ബിയുടെ സ്ഥാപിത ലക്ഷ്യം. കിഫ്ബി മുഖേന നാളിതു വരെ ആകെ 54391.47 കോടി രൂപയുടെ 679 പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു.<br>ഇത്തരം അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ വഴി സംസ്ഥാനത്തിന്റെ സമഗ്രമായ സാമ്പത്തികവും, |

| | |
|---|---|
| | സാംസ്കാരികവും, ആരോഗ്യ, വിദ്യഭ്യാസ, വ്യവസായിക മേഖലകളുടെ വികസനം സാധ്യമാവുകയും കൂടാതെ ഇത്തരത്തിലുള്ള വികസന പ്രവർത്ത രീതി മാന്ദ്യ കാലത്തും പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങൾ നടപ്പിലാക്കുകയും ധനവിപണിയെ കാര്യമായി ഉത്തേജിപ്പിക്കുകയും ചെയ്യും. ഈ രീതിയിൽ 50000 കോടിയുടെ പദ്ധതികൾ നടപ്പിലാക്കുക വഴി സംസ്ഥാനത്തെ സമ്പദ്ഘടനയെ ചലനാത്മകമാക്കുന്നതിലും അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്നതിലും സുപ്രധാനമായ പങ്ക് കിഫ്ബി വഹിക്കുന്നുണ്ട്. കിഫ്ബി പദ്ധതികൾ പൂർത്തിയാകുന്നതോടെ കേരളത്തിന്റെ വികസന ചരിത്രത്തിൽ ഒരു പുതിയ അധ്യായം രചിക്കപ്പെടും. |
| (ബി) ഈ സർക്കാരിന്റെ കാലയളവിൽത്തന്നെ ലക്ഷ്യമിട്ട അമ്പതിനായിരം കോടിയുടെ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാക്കുന്നതിന് പദ്ധതി നിർവഹണം ത്വരിതപ്പെടുത്താൻ നടപടിയെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗം, അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ഷൻ വിഭാഗം, പദ്ധതി അവലോകന വിഭാഗം എന്നിവയുടെ മേൽനോട്ടത്തിൽ പദ്ധതി നടത്തിപ്പുകളുടെ അവലോകന യോഗങ്ങൾ നിരന്തരമായി നടത്തിവരുന്നു. ഇതുവഴി പദ്ധതികൾക്ക് കിഫ്ബി അനുശാസിക്കുന്ന മാനദണ്ഡങ്ങളും, ഗുണനിലവാരവും സമയക്രമവും ഉറപ്പുവരുത്തുവാൻ സാധിക്കുന്നു. ഇതിനു പുറമെ, നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടു കൂടി സാങ്കേതിക പരിശോധനാ വിഭാഗം കണിശമായ രീതിയിൽ പദ്ധതികളുടെ പരിശോധന നടത്തി വരുകയും ചെയ്യുന്നു. കിഫ്ബിയുടെ പ്രവർത്തനങ്ങളും ഏറ്റെടുത്തിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളും പൊതുജനങ്ങളുടെ ഇടയിൽ പരമാവധി എത്തിക്കുവാനും ഇവ സംബന്ധിക്കുന്ന ആശങ്കകൾ ഏതെങ്കിലും ഉണ്ടാകുന്ന പക്ഷം അവ ഫലപ്രദമായി ദൂരീകരിക്കുന്നതിനുമുള്ള നടപടികൾ എല്ലാ ഘട്ടത്തിലും കിഫ്ബി സ്വീകരിച്ചു വരുന്നു. ഇത്തരത്തിൽ വിവിധ വിഭാഗങ്ങളുടെ ക്രിയാത്മകമായ രീതിയിലുള്ള പ്രവർത്തനങ്ങളിലൂടെ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ |
| (സി) കിഫ്ബി പദ്ധതി അവലോകന വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ; | |

| | |
|---|---|
| | നടത്തിപ്പ് സമയബന്ധിതമായി പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെയാണ് കിഫ്ബി മുന്നോട്ടു പോകുന്നത്. കൂടാതെ പദ്ധതി നിർവഹണ ഏജൻസികൾക്ക് ആവശ്യമായ പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ എന്നിവ കിഫ്ബി വഴി നേരിട്ട് നടപ്പിലാക്കുന്നത് കൂടാതെ, കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ റിസോഴ്സ് സെന്റർ മുഖേന പദ്ധതി നിർവഹണ ഏജൻസികൾക്ക് സാങ്കേതിക സഹായം നൽകിവരുന്നുണ്ട്. ഇതിനു പുറമെ പദ്ധതി നിർവഹണ ഏജൻസികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും, കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി കിഫ്ബിയുടെ നേതൃത്വത്തിൽ ടെക്നിക്കൽ സപ്പോർട്ട് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br>കൂടുതൽ പദ്ധതികൾ നിർവ്വഹണഘട്ടത്തിലേക്ക് കടന്നതോടെ പദ്ധതികളുടെ ത്വരിതഗതിയിലുള്ള നടത്തിപ്പിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമായി പദ്ധതി അവലോകന വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന ബോധ്യത്തിൽ കൂടുതൽ മാനവ വിഭവ ശേഷി ഉപയോഗിക്കുവാൻ തീരുമാനിക്കുകയും അത്തരത്തിൽ ശാസ്ത്രീയമായി മാനവവിഭവ ശേഷി വിനിയോഗിച്ചു കൊണ്ടും സാങ്കേതികവിദ്യയുടെ സഹായത്തോടെയും കൂടുതൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |
| (ഡി) കിഫ്ബി വഴിയുള്ള പദ്ധതി നിർവ്വഹണം പുകമറ പരത്തി മന്ദീഭവിപ്പിക്കാനുള്ള നിക്ഷിപ്തതാല്പര്യക്കാരുടെ നീക്കം ഫലശൂന്യമാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സുതാര്യതയെക്കുറിച്ച് വിശദമാക്കാമോ? | കിഫ്ബി അതിന്റെ എല്ലാ പ്രവർത്തികളിലും സുതാര്യത പുലർത്തുന്ന ഒരു സ്ഥാപനമാണ്. പദ്ധതികളുടെ അവലോകനം മുതൽ അവയുടെ നിർവ്വഹണത്തിനായുള്ള ഫണ്ട് വിതരണം വരെ കൈകാര്യം ചെയ്യുന്ന എല്ലാ വിഷയങ്ങളെ സംബന്ധിച്ച വിവരങ്ങളും പൊതുജനങ്ങൾക്കും കരാറുകാർക്കും പരിശോധിക്കാവുന്ന തലത്തിലുള്ള സംവിധാനം കിഫ്ബിയിൽ നിലവിലുണ്ട്. നിലവിലുള്ള ഓഡിറ്റിംഗ് സംവിധാനങ്ങൾക്ക് പുറമെ |

| | |
|---|---|
| | കിഫ് ആക്ട് വിഭാവനം ചെയ്തിട്ടുള്ള ഒരു നിരീക്ഷണ സംവിധാനമാണ് FTAC ദേശീയ / അന്തർ ദേശീയ തലത്തിൽ പ്രശസ്തരായ ധനകാര്യ വിദഗ്ധരാണ് ഇതിലെ അംഗങ്ങൾ. ഈ കമ്മീഷൻ ആറുമാസത്തിലൊരിക്കൽ കിഫ്ബിയിൽ ഫണ്ടിന്റെ വിനിയോഗം ആക്ടിന്റെ വ്യവസ്ഥകൾക്കനുസരിച്ചാണെന്നും, അടുത്ത ആറുമാസത്തേക്കുള്ള ചിലവുകൾ വഹിക്കുവാൻ ആവശ്യമായ ഫണ്ട് കിഫ്ബിയുടെ കൈവശമുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്ന ഫിഡലിറ്റി സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുന്നു. നിക്ഷേപകർക്കിടയിൽ കിഫ്ബിയുടെ ഈയൊരു മാതൃകയ്ക്ക് പ്രശംസയും സ്വീകാര്യതയും നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ കൃത്യതയും സൂക്ഷ്മതയും ഉറപ്പുവരുത്തുന്നതിന് കേരള സംസ്ഥാന ആഡിറ്റ് വകുപ്പിൽ നിന്നും ചീഫ് ഓഡിറ്ററെ നിയമിച്ചിട്ടുണ്ട്. കൂടാതെ പൊതുജനങ്ങൾക്ക് കിഫ്ബി പ്രവൃത്തികളും പദ്ധതികളും രേഖപ്പെടുത്തുന്നതിനുള്ള ഓൺലൈൻ പോർട്ടൽ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**